# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.982 12.06.2014 ൽ മറുപടിക്ക്

### അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരത്തിനുള്ള അപേക്ഷകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.അബ്ദുൾഖാദർ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | അൺ എയ്ഡഡ് സി.ബി.എസ്.ഇ സ്കൂളുകൾക്കും അൺ എയ്ഡഡ് സ്റ്റേറ്റ് സിലബസ് സ്കൂളുകൾക്കും അംഗീകാരം ലഭിക്കുന്നതിലേക്ക് സർക്കാരിന് ഇതിനകം ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് അൺ എയ്ഡഡ് സി.ബി.എസ്.ഇ സ്കൂളുകൾ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നത് എത്രയാണ്; അൺ എയ്ഡഡ് സ്റ്റേറ്റ് സിലബസ് സ്കൂളുകൾ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നത് എത്രയാണ്; | (ബി) | സംസ്ഥാനത്ത് സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ സ്കൂളുകളുടെയും അൺ എയ്ഡഡ് സ്റ്റേറ്റ് സിലബസ് സ്കൂളുകളുടെയും എണ്ണം ശേഖരിച്ചു വരുന്നു. |
| (സി) | എത്ര ഇത്തരം വിദ്യാലയങ്ങൾ സംസ്ഥാനത്ത് ആദായകരമല്ലാതെ അടച്ചുപൂട്ടൽ ഭീഷണിയിലാണ്; എത്ര അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടപ്പെടാനിടയുണ്ട്; | (സി) | അൺ എയ്ഡഡ് വിദ്യാലയ ങ്ങളിലെ വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണിയിലും അദ്ധ്യാപകർ തൊഴിൽ നഷ്ടപ്പെടുന്ന ഭീഷണിയിലും കഴിയുമ്പോഴും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ടോ? | (ഡി) | വിദ്യാഭ്യാസ അവകാശനിയമം റൂൾ 14 പ്രകാരവും സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 184/2013/പൊ.വി തീയതി 10/06/2013 പ്രകാരവും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനി ക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | അൺ എയ്ഡഡ് | സി.ബി.എസ്.ഇ |
|---|---|---|
| തിരുവനന്തപുരം | 19 | 70 |
| കൊല്ലം | 38 | 57 |
| ആലപ്പുഴ | 3 | 44 |
| പത്തനംതിട്ട | 20 | 25 |
| ഇടുക്കി | 33 | 29 |
| കോട്ടയം | 13 | 57 |
| തൃശ്ശൂർ | 47 | 54 |
| എറണാകുളം | 15 | 81 |
| പാലക്കാട് | 58 | 33 |
| മലപ്പുറം | 120 | 71 |
| കോഴിക്കോട് | 63 | 36 |
| കണ്ണൂർ | 118 | 43 |
| വയനാട് | 20 | 23 |
| കാസറഗോഡ് | 63 | 32 |
| **ആകെ** | **630** | **655** |

SO